പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1656 — 13.06.2014- ൽ മറുപടിക്ക്

## മാതാപിതാക്കളെ സംരക്ഷിക്കാത്ത മക്കൾക്കെതിരെ നടപടി

ചോദ്യം

ശ്രീ.കെ. കുഞ്ഞിരാമൻ (ഉദുമ)

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് വൃദ്ധ മാതാപിതാക്കളെ സംരക്ഷിക്കാതെ വഴിയിൽ ഉപേക്ഷിക്കുന്ന സംഭവങ്ങൾ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൃത്യമായ കണക്കുകൾ ലഭ്യമല്ല. |
| (ബി) | ഇത്തരത്തിൽ അടുത്തകാലത്തായി എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട് എന്നറിയിക്കാമോ; | | |
| (സി) | മാതാപിതാക്കളെ സംരക്ഷിക്കാത്ത മക്കളുടെ പേരിൽ എന്തൊക്കെ നടപടികളെടുക്കാനാണ് നിയമ വ്യവസ്ഥയിൽ വകുപ്പുകളുള്ളതെന്ന് വിശദമാക്കാമോ; | (സി) | മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും പരിരക്ഷയും സംബന്ധിച്ച നിയമം 2007 അനുസരിച്ച് മാതാപിതാക്കളെ സംരക്ഷിക്കാത്ത മക്കളിൽ നിന്ന് പരിരക്ഷാ ചെലവ് ലഭിക്കുന്നതിന് മാതാപിതാക്കൾക്ക് മെയിന്റനൻസ് ട്രൈബ്യൂണലുകളിൽ അപേക്ഷ നൽകാവുന്നതാണ്. സ്വന്തമായി അപേക്ഷ നൽകാൻ കഴിയാത്ത മാതാപിതാക്കൾക്ക്, ടിയാൾ നിയോഗിക്കുന്ന ഏതെങ്കിലും വ്യക്തിക്കോ സംഘടനയ്ക്കോ അപേക്ഷ നൽകാവുന്നതാണ്. അല്ലെങ്കിൽ വിഷയം സ്വമേധയ മെയിന്റനൻസ് ട്രൈബ്യൂണലിന് പരിഗണിക്കാവുന്നതാണ്. അപേക്ഷ പരിഗണിച്ച് മെയിന്റനൻസ് ട്രൈബ്യൂണലിന്, പരിരക്ഷാ ചെലവിന് ഉത്തരവിടാവുന്നതാണ്. ആയത് നൽകാൻ വീഴ്ച വരുത്തുന്നവർക്കെതിരെ വാറണ്ട് പുറപ്പെടുവിക്കാവുന്നതും പിഴയോടുകൂടി തുക ഈടാക്കാവുന്നതുമാണ്. |

| | | | |
|---|---|---|---|
| | | | അല്ലാത്ത പക്ഷം പരിരക്ഷാ ചെലവ് നൽകുന്നതുവരെയോ അല്ലെങ്കിൽ ഒരു മാസത്തെ തടവു ശിക്ഷയോ ഏതാണോ ആദ്യം അതുവരെ ശിക്ഷ അനുഭവിക്കേണ്ടതായുണ്ട്. |
| (ഡി) | പ്രസ്തുത നിയമവ്യവസ്ഥകൾ കർശനമായി നടപ്പിലാക്കുന്നതിന് മേൽ സംഭവങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ നടപടി സ്വീകരിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (ഡി) | നിയമ വ്യവസ്ഥകൾ കർശനമാക്കുന്നതിനു വേണ്ടി മെയിന്റനൻസ് ട്രൈബ്യൂണലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതാണ്. അതോടൊപ്പം പ്രസ്തുത നിയമത്തെക്കുറിച്ച് പൊതുജനങ്ങൾക്ക് ബോധവൽക്കരണം നൽകുന്നതിനുള്ള നടപടി കൾ സ്വീകരിച്ച് വരുന്നുമുണ്ട്. |

സെക്ഷൻ ഓഫീസർ